പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2055 **26-10-2026-ൽ മറുപടിയ്ക്ക്**

മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങാനുള്ള കരാർ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീമതി കെ. കെ. രമ

ശ്രീ. രമേഷ് പിഷാരടി

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങാനുള്ള കരാർ നടപടികൾ മാർച്ച് അവസാനത്തോടെ കെ.എം.എസ്.സി.എൽ. പൂർത്തിയാക്കാറുണ്ടെങ്കിലും 2026-ൽ കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്താണോ നടപടികൾ അന്തിമഘട്ടത്തിൽ എത്തിയതെന്ന് അറിയിക്കുമോ;

മറുപടി: 2026-2027 സാമ്പത്തിക വർഷത്തേക്കുള്ള മരുന്ന് സംഭരണത്തിനായുള്ള ദർഘാസ് നടപടികൾ 2026 മാർച്ച് മാസത്തോടെ പൂർത്തിയാക്കിയെങ്കിലും, നിയമസഭ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നത് കാരണം മരുന്ന് വിതരണത്തിനായുള്ള ഉത്തരവുകൾ 2026 മെയ് മാസത്തിലാണ് നൽകുവാൻ സാധിച്ചിട്ടുള്ളത്.

ഉപകരണങ്ങൾ വാങ്ങാനുള്ള ഭരണാനുമതി കെ എം എസ് സി എൽ ൽ ലഭ്യമാകുന്ന മുറയ്ക്ക് ദർഘാസ് ക്ഷണിക്കുകയും ഉപകരണത്തിന്റെ ദർഘാസ് നടപടി പൂർത്തിയാകുന്ന മുറയ്ക്ക് 2 വർഷത്തേക്കാണ് റണ്ണിങ് കോൺടാക്ടിൽ ഉൾപ്പെടുത്തുന്നത്. ഭരണാനുമതി ലഭിക്കുമ്പോൾ തന്നെ നിലവിൽ റണ്ണിങ് കോൺടാക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉപകരണങ്ങൾക്ക് നേരിട്ട് വിതരണ പത്രിക നൽകാറുണ്ട്.

(ബി) മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങാൻ മുൻ സർക്കാർ പർച്ചേസ് ഓർഡർ നൽകിയിരുന്നില്ലെന്നും മുഴുവൻ മരുന്നിനും കരാർ നൽകിയിരുന്നില്ലെന്നുമുള്ള ആക്ഷേപത്തെ കുറിച്ച് വിശദമാക്കുമോ; ഇതുമൂലമാണ് ഇപ്പോഴുള്ള മരുന്ന് ക്ഷാമമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി:

ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിന് ഏകദേശം 6 മാസം മുമ്പാണ് സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ മരുന്ന പട്ടികയിൽ ഉൾപ്പെട്ട മരുന്നുകളുടെ വാർഷിക ഇൻഡന്റ് ഓൺലൈനായി ശേഖരിക്കുന്നത്. ടി ഇൻഡന്റ് ആശുപത്രി തലം, ജില്ലാ തലം, സംസ്ഥാന തലം എന്നിവിടങ്ങളിൽ സൂക്ഷ്മപരിശോധന നടത്തിയശേഷമാണ് ബന്ധപ്പെട്ട വകുപ്പു ഡയറക്ടർ (ആരോഗ്യവകുപ്പും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും) അംഗീകാരം നൽകുന്ന വാർഷിക ഇൻഡന്റുകൾ കോർപ്പറേഷനിൽ ലഭ്യമാകുന്നത്. അത്തരത്തിൽ ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ദേശീയ ആരോഗ്യ ദൗത്യം, കേരള സ്റ്റേറ്റ് എയിഡ്സ് കൺട്രോൾ സൊസൈറ്റി, ജയിൽ

ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന വാർഷിക ഇൻഡന്റുകൾ ക്രോഡീകരിച്ച് ഒക്ടോബർ, നവംബർ മാസങ്ങളിലാണ് ദർഘാസുകൾ ക്ഷണിക്കുന്നത്.

2026-2027 സാമ്പത്തിക വർഷത്തേക്കുള്ള മരുന്ന് സംഭരണത്തിനായുള്ള ദർഘാസ് നടപടികൾ 2026 മാർച്ച് മാസത്തോടെ പൂർത്തിയാക്കിയെങ്കിലും, നിയമസഭ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നത് കാരണം മരുന്ന് വിതരണത്തിനായുള്ള ഉത്തരവുകൾ 2026 മെയ് മാസത്തിലാണ് നൽകുവാൻ സാധിച്ചിട്ടുള്ളത്. ഇത് കൂടാതെ മധ്യ-പൂർവ്വദേശത്തെ നിലവിലെ യുദ്ധ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ 2026-2027 സാമ്പത്തിക വർഷം മരുന്ന സംഭരണത്തിനായി ക്ഷണിച്ച ഇ-ദർഘാസിൽ യോഗ്യത നേടിയ നിരവധി മരുന്ന കമ്പനികൾ മരുന്ന നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതകുറവു ചൂണ്ടിക്കാട്ടി ടെണ്ടറിൽ നിന്നും പിന്മാറിയിട്ടുണ്ട്. ഇപ്രകാരം ചിലയിനം മരുന്നുകൾക്ക് 2026-2027 വർഷത്തേക്കുള്ള ദർഘാസിൽ വിതരണക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ, ടി ഇനങ്ങൾക്ക് പുനർദർഘാസ് ക്ഷണിക്കുകയും, ആയതിനുള്ള വിതരണ ഉത്തരവ് നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഇതാണ് 2026-2027 സാമ്പത്തിക വർഷത്തേക്കുള്ള മരുന്ന് വിതരണത്തിൽ കാലതാമസമുണ്ടാകുവാൻ പ്രധാന കാരണമായിട്ടുള്ളത്.

(സി) അടുത്തവർഷം മുതൽ ഗുണമേന്മയുള്ള മരുന്നുകൾ മാത്രം വാങ്ങാൻ കെ.എം.എസ്.സി.എൽ.-ന്റെ കരാർ വ്യവസ്ഥകളിൽ മാറ്റം വരുത്താൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ ?

<u>മറുപടി:</u>

ഗുണമേന്മ ഉറപ്പു വരുത്തിയും ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത ഇ-ദർഘാസ് നടപടിക്രമങ്ങളിലൂടെയുമാണ് കെ. എം. എസ്. സി. എൽ. മരുന്ന സംഭരണം നടത്തിവരുന്നത്.

ദർഘാസ് വ്യവസ്ഥ പ്രകാരം സമർപ്പിക്കുന്ന ഓൺലൈൻ ബിഡുകളിലെ സാങ്കേതിക പ്രമാണങ്ങൾ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നും ആരോഗ്യവകുപ്പിൽ നിന്നും നിയോഗിക്കുന്ന ഉദ്യാഗസ്ഥരാണ് സൂക്ഷ്മപരിശോധന നടത്തുന്നത്. Annual Turn Over Statement, ഡ്രഗ്സ് കൺട്രോൾ അതോറിറ്റി നൽകുന്ന Drug License and Product Permit, ലൈസൻസിംഗ് അതോറിറ്റി നൽകുന്ന WHO GMP സർട്ടിഫിക്കറ്റ്, Non-Conviction സർട്ടിഫിക്കറ്റ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ കെ എം എസ് സി എൽ ക്ഷണിക്കുന്ന ദർഘാസുകളിൽ ബിഡ് സമർപ്പിക്കുന്ന ഇനങ്ങൾക്ക് 3 വർഷത്തെ മാർക്കറ്റ് സ്റ്റാൻഡിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. WHO GMP നിലവാരമുള്ള കമ്പനികളെ മാത്രം ദർഘാസിൽ പങ്കെടുക്കാൻ അനുവദിക്കുകയും, തന്മൂലം ഗുണമേന്മ ഉറപ്പുവരുത്തുകയും ചെയ്യുവരുന്നു.

തിരഞ്ഞെടുത്ത ചില ഇനങ്ങളുടെ സാംപിളുകളുടെ മൂല്യനിർണ്ണയം നടത്തിയും സാങ്കേതിക വിദഗ്ധരുടെ അംഗീകാരം ലഭ്യമാക്കിയും ഗുണമേന്മ ഉറപ്പ് വരുത്തുന്നു.

ഇപ്രകാരം യോഗ്യത നേടുന്നവരുടെ പട്ടിക തയ്യാറാക്കി പുതിയ ബിഡർമാരുടെയും, നിലവിലുള്ള ബിഡർമാരുടെ ഫാക്ടറികൾ മൂന്നുവർഷത്തിൽ ഒരിക്കൽ എന്ന നിലയിലും പരിശോധന നടത്താറുണ്ട്. ഡ്രഗ്സ് കൺട്രോളറും, ഫാർമസി കോളേജ് വിഭാഗം മേധാവിയും നിയോഗിക്കുന്ന വിദഗ്ധരുടെ നേതൃത്വത്തിൽ നടത്തുന്ന ഫാക്ടറി പരിശോധനയിലും യോഗ്യത നേടുന്നവരുടെ പ്രൈസ് ബിഡ് തുറന്ന പരിശോധിച്ച് അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് നൽകുന്നവരെയാണ് മരുന്ന വിതരണത്തിനായി തെരഞ്ഞെടുക്കുന്നത്.

കെഎംഎസ്സിഎൽ-ലെ ദർഘാസ് നിബന്ധനകൾ അനുസരിച്ച്, മറ്റ് ഏതെങ്കിലും സംസ്ഥാന/ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളോ, Quality Non-compliances, GMP Noncompliance, Major violation of D&C Act and Rules, and furnishing forged/fabricated/false documents എന്നീ കരങ്ങളാൽ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ വിതരണക്കാരോ/മരുന്നുകളോ ദർഘാസിൽ പങ്കെടുക്കാൻ പാടില്ലാത്തതാണ്, കൂടാതെ പ്രസ്തുത ദർഘാസ് കാലയളവിൽ ഇത്തരത്തിൽ കരിമ്പട്ടിയിൽ ഉൾപ്പെടുന്ന കമ്പനികൾ/മരുന്നുകൾ എന്നിവയുടെ കരാർ, വിതരണാനുമതി, വിതരണോത്തരവുകൾ എന്നിവ റദ്ദ് ചെയുകയും ചെയ്യുന്നതാണ്.

സംഭരണശാലകളിലേക്ക് മരുന്ന കമ്പനികൾ എത്തിക്കുന്ന മരുന്നുകളുടെ ഓരോ ബാച്ചും Inhouse പരിശോധന റിപ്പോർട്ടും, അതിനു പുറമെ ദേശീയ ലബോറട്ടറി അംഗീകാര ബോർഡ് (NABL-National Accreditation Board for Testing and Calibration Laboratories)/CDL/NIB അംഗീകരിച്ച ഏതെങ്കിലും ഒരു ലാബിൽ നിന്നുള്ള ടി മരുന്നിന്റെ പരിശോധനഫലവും കൂടി നൽകേണ്ടതാണെന്ന് ദർഘാസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇവ സൂക്ഷ്മ പരിശോധന നടത്തി ഗുണനിലവാര വിഭാഗത്തിന്റെ അനുമതി ലഭിച്ചാൽ മാത്രമേ സംഭരണശാലയിൽ സ്വീകരിക്കാറുള്ളൂ. കോർപ്പറേഷനിൽ ലഭിക്കുമ്പോൾ മരുന്നുകൾക്ക് ഉൽപാദനത്തീയതി മുതൽ കണക്കാക്കിയാൽ കുറഞ്ഞത് 65 - 75% ജീവിത കാലാവധി ബാക്കിയുണ്ടെന്ന് ഉറപ്പാക്കിയാണ് മരുന്നുകൾ സംഭരണശാലകളിൽ സ്വീകരിക്കുന്നത്. മേൽ

വിശദീകരിച്ച മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് കെ.എം.എസ്.സി.എൽ സംഭരണ വിതരണ പ്രക്രിയകൾ നടത്തി വരുന്നത്. ഇവയെല്ലാം തന്നെ കെ.എം.എസ്.സി.എൽ ക്ഷണിക്കുന്ന എല്ലാ ദർഘാസിലും സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ